"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ചവറ ഗുഹാനന്ദപുരം എച്ച്എസ്എസ്.ലെ എൽ.ജി.ഹിന്ദി ശ്രീമതി ജെസ്സി എം.ജെ. ഫയൽ ചെയ്ത WP(C)No.19870/2017-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 15/10/2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2251/2025/GEDN   തീയതി,തിരുവനന്തപുരം, 27-03-2025**

---

പരാമർശം:- 1. WP(C)No.19870/2017-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 15/10/2024 തീയതിയിലെ വിധിന്യായം

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.12.2024-ലെ ഇ.റ്റി.1/24218/2024/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ചവറ ഗുഹാനന്ദപുരം എച്ച്എസ്എസ്. ലെ എൽ.ജി.ഹിന്ദി ശ്രീമതി ജെസ്സി എം.ജെ. ഫയൽ ചെയ്ത WP(C)No.19870/2017-ലെ പരാമർശം (1) വിധിന്യായ പ്രകാരം ഹർജിക്കാരിയുടെ ആവശ്യങ്ങൾ ജി.ഒ.(പി)നം.199/2011/പൊ.വി.വ.യുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനു നിർദ്ദേശം നൽകുകയുണ്ടായി.

**2]** ഗുഹാനന്ദപുരം എച്ച്എസ്.ലെ എച്ച്എസ്എ.(ഹിന്ദി) ശ്രീമതി രത്നമ്മ 31/03/2003-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ ടി സ്കൂളിലെ എൽ.ജി അധ്യാപകനായ ശ്രീ.രാജീവൻ എസ്.നെ സ്ഥാനക്കയറ്റം നൽകി നിയമിച്ചതിന്റെ പരിണിത ഒഴിവിൽ എൽ.ജി. ഹിന്ദി അധ്യാപക തസ്തികയിൽ ഫുൾടൈം മീനിയൽ ശ്രീമതി ജെസ്സിയെ സ്ഥാനക്കയറ്റം നൽകി സ്കൂൾ മാനേജർ നിയമിക്കുകയും അത് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു.

**3]** ശ്രീമതി ജനനി ജെ.ആർ.നെ എച്ച്എസ്എ(ഹിന്ദി) അധ്യാപികയായി 01/06/2010 മുതൽ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർവീസിൽ പ്രവേശിച്ചതിന്റെ ഫലമായി ശ്രീ.രാജീവനെ എൽ.ജി. ഹിന്ദി തസ്തികയിലേക്ക് റിവെർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം മീനിയൽ തസ്തിക നിലവിലില്ലാത്തതിനാൽ ശ്രീമതി ജെസ്സി എം.ജെ. സർവീസിൽ നിന്ന് പുറത്തുപോകുകയും ചെയ്തു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീ. രാജീവന്റെ 01/06/2010 മുതലുള്ള എച്ച്എസ്എ നിയമനവും ശ്രീമതി ജെസ്സി എം.ജെ.യുടെ 01/06/2010 മുതലുള്ള എൽ.ജി.ഹിന്ദി നിയമനവും റദ്ദ് ചെയ്തിരുന്നു.

**4]** ശ്രീമതി.ജെസ്സി എം.ജെ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.31373/2011-ന്മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 28/06/17 തീയതിയിലെ ഉത്തരവ് പ്രകാരം ശ്രീമതി ജെസ്സി എം.ജെ.യെ ജി.ഒ(എം.എസ്)നം.102/2012/പൊ.വി.വ.ന്റെ അടിസ്ഥാനത്തിൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുന്നതിനും എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/06/17 തീയതിയിലെ എച്ച്2/16429/17/ഡി.പി.ഐ ഉത്തരവ് പ്രകാരം ശ്രീമതി ജെസ്സി എം.ജെ.യെ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുന്നതിനും സിആർസി കോ-ഓർഡിനേറ്റർ ആയി പുനർവിന്യസിക്കുന്നതിനും ടി സ്കൂളിൽ ഉണ്ടാകുന്ന ആദ്യത്തെ എൽ.ജി.ഹിന്ദി തസ്തികയിൽ നിയമിക്കുന്നതിനും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ടി നിർദ്ദേശപ്രകാരം 05/07/2017-ൽ ഗുഹാനന്ദപുരം എച്ച്എസ്എസ്.ൽ എൽ.ജി.ഹിന്ദി തസ്തികയിൽ ശ്രീമതി ജെസ്സി എം.ജെ.യെ പുനർനിയമിക്കുകയും ചെയ്തിരുന്നു. തസ്തികയില്ലാതെ പുറത്തുനിന്ന കാലഘട്ടം ആയ 01/06/2010 മുതൽ 04/07/2017 വരെ എല്ലാ സർവീസ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാണ് ശ്രീമതി ജെസ്സി എം.ജെ.യുടെ ആവശ്യം.

**5]** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എയ്ഡഡ് സ്കൂൾ അധ്യാപകർ തസ്തികയില്ലാതെ പുറത്തുനിന്ന കാലഘട്ടം യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല. അതിനാൽ തസ്തികയില്ലാതെ പുറത്തുനിന്ന 01/06/2010 മുതൽ 04/07/2017 വരെയുള്ള കാലയളവിലുള്ള എല്ലാ സർവീസ് ആനുകൂല്യങ്ങളും

ലഭ്യമാക്കണമെന്ന ശ്രീമതി ജെസ്സി എം.ജെ.യുടെ ആവശ്യം നിരസിച്ച് തീർപ്പാക്കി, ശ്രീമതി ജെസ്സി എം.ജെ. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.19870/2017-ന്റെ 15/10/2024 വിധിന്യായത്തിലെ നിർദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REENA O

അണ്ടർ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
2)അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
3)പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4)ശ്രീമതി ജെസ്സി എം.ജെ., എച്ച് എസ്.റ്റി. (ഹിന്ദി), ഗുഹാനന്ദപുരം എച്ച്.എസ്., ചവറ,കൊല്ലം.

5)മാനേജർ , ഗുഹാനന്ദപുരം എച്ച് എസ്,ചവറ,കൊല്ലം
6)വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിനായി )
7)കരുതൽ ഫയൽ / (B1/150/2024/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 27-03-2025 13:19:30
സെക്ഷൻ ഓഫീസർ